"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസം - പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് കെ.ടി.എം. ഹൈസ്കൂളിലെ ശ്രീമതി.സജിത .പി ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.17466/2020 മേലുള്ള 24/03/2020 — ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

**പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്**

#DocumentNumber# തീയതി,തിരുവനന്തപുരം, 06/01/2022

പരാമർശം:-

1. ശ്രീമതി.സജിത .പിയുടെ 14.08.2020 ലെ റിവിഷൻ ഹർജി
2. ശ്രീമതി.സജിത .പി ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.17466/2020 മേലുള്ള 24/03/2020 — ലെ വിധിന്യായം
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 21.12.2020 ലെ ഡിജിഇ/9817/2020-ഇഎം1 നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് കെ.ടി.എം. ഹൈസ്കൂളിലെ ശ്രീമതി.സജിത പി ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.17466/2020 മേലുള്ള 24/03/2020 — ലെ വിധിന്യായത്തിൽ ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസവകുപ്പ് സെക്രട്ടറിയോട് ഹർജിക്കാരി സർക്കാർ മുമ്പാകെ ഫയൽ ചെയ്ത എക്സിബിറ്റ് പി.8 പരിശോധിച്ച് പരാതിക്കാരിയേയും 4, 5 ( എച്ച്.എം, മാനേജർ ) എതിർകക്ഷികളെയും നേരിൽ കേട്ട് തീർപ്പ കൽപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ആയതിൻ പ്രകാരം 15/12/2020 ൽ അന്നത്തെ ജോയിന്റ് സെക്രട്ടറി നടത്തിയ ഗൂഗിൾ മീറ്റ് ഹിയറിംങ്ങിൽ പരാതിക്കാരിക്കുവേണ്ടി അഡ്വ.പി.എ.ജെൻസിയ, മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സുഭാഷ് പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പ്രതിനിധി എന്നിവർ പങ്കെടുത്തു .

2 ) പരാതിക്കാരിക്കുവേണ്ടി ഹാജരായ അഡ്വ.ജെൻസിയ താഴെ പറയുന്ന കാര്യങ്ങൾ ബോധിപ്പിച്ചു .

"പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് കെ.റ്റി.എം. ഹൈസ്കൂൾ മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കീഴിലുള്ള ഒരു എയ്ഡഡ് വിദ്യാലയമാണ്. ഹർജിക്കാരി 15/06/2016 മുതൽ 2015-16 ൽ തസ്തിക നിർണ്ണയ ഉത്തരവിൽ അനുവദിച്ച തസ്തികയിലാണ് എച്ച്.എസ്.റ്റി(ഇംഗ്ലീഷ്) ആയി നിയമിച്ചത്. ഹർജിക്കാരിയെ നിയമിച്ച തസ്തിക 2015-16 മുതൽ 2019-20 വരെയും തുടർന്നും നിലനിൽക്കുന്നു.

അങ്ങനെ തുടരവെ, മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഹർജിക്കാരി കൈപ്പറ്റിയ ശമ്പളം തിരിച്ച് പിടിക്കുന്നതിനായും 01/08/2020 മുതൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഓഡിറ്റ് തടസ്സവാദം തീർപ്പാക്കുന്നത് വരെ തടഞ്ഞ് വെക്കുന്നതിനും, പ്രധാനാദ്ധ്യാപകന് 12/09/2020- ന് നൽകിയ നോട്ടീസ് എന്നാൽ ഓഡിറ്റ് തടസ്സവാദം നോട്ടീസ് ഇതുവരെ ഹർജിക്കാരിക്ക് നൽകിയിട്ടില്ല. ഇതിനെതിരെയാണ് സർക്കാരിലേക്ക് റിവിഷൻ ഹർജി ബോധിപ്പിച്ചിട്ടുള്ളത്. ബഹു.ഹൈക്കോടതി ഡബ്ല്യൂ.പി(സി)നം .17466/2020 ഹർജിക്കാരി ഫയൽ ചെയ്യുകയും ടി കേസിലെ വിധിയിൽ റിവിഷൻ ഹർജി

തീർപ്പാക്കുന്നത് വരെ നോട്ടീസ് സ്റ്റേ ചെയ്തിട്ടുള്ളതാണ്.

2015-16 ൽ തസ്തിക നിർണ്ണയ ഉത്തരവിൽ അനുവദിച്ച തസ്തികയിലാണ് ഹർജിക്കാരിയെ നിയമിച്ചിട്ടുള്ളതും അംഗീകാരം നൽകിയിട്ടുള്ളതും. ഒരു തസ്തിക ഒരു വർഷത്തിൽ കൂടുതൽ ഒഴിഞ്ഞ് കിടന്നാൽ എയ്ഡഡ് സ്കൂളിൽ ടി തസ്തിക അബോളിഷ് ചെയ്യപ്പെടുകയില്ല എന്ന് ബഹു.ഹൈക്കോടതി ഡിവിഷൻ ബെഞ്ച് സ്റ്റേറ്റ് ഓഫ് കേരള വി . ജയൻ (2009 (3) കെ.എൽ.റ്റി 857 ) എന്ന കേസ്സിലെ വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ടി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 2015-16 മുതൽ തുടർന്ന് വരുന്ന തസ്തികയിൽ ടി അദ്ധ്യയന വർഷം നിയമനം നടത്തിയിട്ടില്ലെങ്കിൽ തസ്തിക നഷ്ടപ്പെടുകയില്ല .

2015-16 തസ്തിക നിർണ്ണയ ഉത്തരവിൽ അനുവദിച്ച എച്ച്.എസ്.റ്റി(ഇംഗ്ലീഷ്) തസ്തികയിലാണ് ഹർ ജിക്കാരിയെ 15/06/2016 മുതൽ നിയമിച്ചത്. ടി തസ്തിക 2019-20 തസ്തിക നിർണ്ണയ ഉത്തരവ് വരെയും ഇപ്പോഴും നിലനിൽക്കുന്നു.

2016-17 അദ്ധ്യയന വർഷത്തിന് മുമ്പ് അനുവദിച്ചിട്ടുള്ള അധിക തസ്തികകളിൽ 2016 ലോ അതിനു ശേഷമോ നിയമനം നടത്തിയിട്ടുണ്ടെങ്കിൽ അതിന് കെ.ഇ.ആർ ഭേദഗതി ബാധകമല്ലെന്നും ടി തസ്തികകളിലേക്കുള്ള നിയമനങ്ങൾ അംഗീകരിച്ച് നൽകാവുന്നതാണെന്നും കൂടാതെ 2015-16 അനുവദിച്ച അധിക തസ്തികകളിൽ കെ.ഇ.ആർ ഭേദഗതിയനുസരിച്ച് സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ട അധിക തസ്തികയല്ലെന്നും സർക്കാർ ഉത്തരവുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്.

ഹർജിക്കാരിയുടെ 15/06/2016 മുതലുള്ള എച്ച്.എസ്.റ്റി(ഇംഗ്ലീഷ്) നിയമനം അംഗീകരിച്ച് ശമ്പളം ലഭിച്ചു വരവെയാണ് മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഓഡിറ്റ് തടസ്സവാദമുണ്ടെന്നും 01/08/2020 മുതൽ ശമ്പളവും മറ്റാനുകൂല്യങ്ങളും തടഞ്ഞുവെക്കുന്നതിന് പ്രധാനാദ്ധ്യാപികയ്ക്ക് നിർദ്ദേശം നൽകിയത്. എന്നാൽ വിദ്യാഭ്യാസ ഓഫീസർ 15/02/2016 ൽ അനുവദിച്ച തസ്തികയിലാണ് ഹർജിക്കാരി നിയമനാംഗീകാരത്തോടെ തുടർന്ന് വരുന്നത്. ടി സാഹചര്യത്തിൽ നിയമനാംഗീകാരം റദ്ദ് ചെയ്യുവാനോ ശമ്പളവും മറ്റാനുകൂല്യങ്ങളും തടഞ്ഞു വെക്കുവാനോ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അധികാരമില്ലാത്തതാണ്. കൂടാതെ ഹർജിക്കാരിയുടെ നിയമനാംഗീകാരം ഇതുവരെ competent authorities റദ്ദു ചെയ്തിട്ടുമില്ല.

നിയമനാംഗീകാരം നിലനിൽക്കുന്നിടത്തോളം ശമ്പളം തടഞ്ഞുവെക്കുന്നതിനാൽ വിദ്യാഭ്യാസ ഓഫീസർക്ക് അധികാരമില്ലായെന്ന് ബഹു.ഹൈക്കോടതി WP(C)No.22304/2018 തീയതി 04/07/2018 എന്നീ വിധികളിൽ വ്യക്തമാക്കിയിട്ടുണ്ട് .

മേൽ സാഹചര്യങ്ങൾ പരിഗണിച്ചും ഇതോടൊപ്പം ഹാജരാക്കിയ വിധികളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ഉത്തരവ് അസ്ഥിരപ്പെടുത്തിയും 2015-16 അദ്ധ്യയന വർഷം അനുവദിച്ച എച്ച്.എസ്.റ്റി(ഇംഗ്ലീഷ്) തസ്തികയിലേക്ക് 15/06/2016 മുതൽക്ക് ശ്രീമതി.സജിത പി എന്നവരെ നിയമിച്ചത് ശരിയാണെന്നും ടി കാലയളവിലും തുടർന്ന് നൽകിയ ശമ്പളവും മറ്റാനുകൂല്യങ്ങളും തിരിച്ച് പിടിക്കേണ്ടതില്ലെന്നും നിർദ്ദേശിച്ച് ഒരു ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു. "

3) ഇതു സംബന്ധിച്ചുള്ള വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"മണ്ണാർക്കാട് കെ.ടി.എം. ഹൈസ്കൂളിലെ 2015-16 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം അനുവദിച്ച എച്ച്.എസ്.റ്റി(ഇംഗ്ലീഷ്) അധിക തസ്തികയിലേയ്ക്കാണ് മാനേജർ ശ്രീമതി.സജിത .പി. യെ 15/06/2016 മുതൽ നിയമിച്ചിട്ടുള്ളത്. ടി നിയമനം മണ്ണാർക്കാട് ജില്ല വിദ്യാഭ്യാസ ആഫീസർ ഉത്തരവ് നമ്പർ ബി 2/2556/2016 കെഡിസ് തിയതി 30/03/2017 പ്രകാരം അംഗീകരിച്ചു നൽകിയിട്ടുണ്ട്.

പാലക്കാട് വിദ്യാഭ്യാസ ഉപ ഡയറക്ടർ നടത്തിയ ഓഡിറ്റിൽ ടി നിയമനം സർക്കാർ ഉത്തരവ് നം .29/16 തിയതി 29/01/2016 ലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന് കണ്ടെത്തി. 29/01/2016 നു ശേഷമുള്ള അധിക തസ്തികാ നിയമനം ആയതിനാൽ 1:1 അനുപാതം പാലിക്കേണ്ടതായിരുന്നു എന്നതാണ് തടസ്സ വാദത്തിന്റെ അടിസ്ഥാനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രസ്തുത നിയമനത്തിന് അംഗീകാരം നൽകാൻ അടിസ്ഥാനമാക്കിയ സംഗതി ടി വിദ്യാലയത്തിൽ 2001 ൽ എച്ച്.എസ്.റ്റി മലയാളം അധ്യാപികയായി നിയമനം നേടിയ കെ.സി.ഡെയ്സി എന്ന അധ്യാപിക 2005 ൽ കുട്ടികളുടെ കുറവുമൂലം തസ്തിക നഷ്ടപ്പെട്ട് സംരക്ഷിതാദ്ധ്യാപകരുടെ പട്ടികയിൽ ഉൾപ്പെട്ട് സി.ആർ.സി.കോ - ഓർഡിനേറ്ററായി ജോലി നോക്കിവരവെ ഡിവിഷൻ നഷ്ടപ്പെട്ട് ബി.ആർ.സി.

യിൽ ജോലി ചെയ്തിരുന്ന ശ്രീമതി.കെ.സി.ഡെയ്സിയെ ടി വിദ്യാലയത്തിൽ ഉണ്ടായിരുന്ന യു.പി.എസ്.ടി തസ്തികയിലേക്ക് നിലനിർത്തിക്കൊണ്ട് പുന:നിയമിക്കുകയും ചെയ്തതിലൂടെ ഒരു സംരക്ഷിതാദ്ധ്യാപകനെ നിയമിച്ച എന്ന വ്യവസ്ഥ പാലിക്കപ്പെട്ടു എന്നതാണ്. അതേ മാനേജ്മെന്റിൽ നിന്നും പുറത്തായ അധ്യാപികയെ തിരികെ വിളിച്ചത് സംരക്ഷിത അധ്യാപികയെ ആഗിരണം ചെയ്തതായി കണക്കാക്കാൻ ആകില്ല. ആയതിനാൽ നിയമനം അംഗീകരിച്ച ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടി തെറ്റാണ്.

ശ്രീമതി.സജിതക്ക് അനുവദിച്ച ശമ്പളം തിരികെ പിടിക്കുവാൻ ആണ് ജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രധാന അധ്യാപികക്ക് നിർദ്ദേശം നൽകിയത്. എന്നാൽ പൊതു വിദ്യാഭ്യാസ ഡയറക്ടറോട് നിയമനം റദ്ദാക്കാൻ ഇതുവരെ ആവശ്യപ്പെട്ടിട്ടില്ല."

4) ഹിയറിംങ്ങിന്റെ അടിസ്ഥാനത്തിലും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും ശ്രീമതി.സജിതയുടെ 15/06/2016 മുതലുള്ള നിയമനാംഗീകാരം സംബന്ധിച്ച വിഷയം വിശദമായി പരിശോധിച്ചു. ശ്രീമതി.സജിതയുടെ നിയമനം അംഗീകരിച്ച മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടിയെ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ കാര്യാലയത്തിൽ നിന്നുള്ള ഓഡിറ്റ് പരിശോധനയിൽ തടസ്സവാദം ഉന്നയിച്ചിട്ടുണ്ട്. 2016 മുതലുള്ള നിയമനമെല്ലാം ചട്ടം 7 അദ്ധ്യായം 21 പ്രകാരമാണ് നടത്തേണ്ടത്.അഡീഷണൽ തസ്തികയിലെ നിയമനം അദ്ധ്യായം 21 ചട്ടം 7(2) പ്രകാരം 1:1 അനുപാതത്തിൽ സംരക്ഷിത അദ്ധ്യാപിക പുതിയ അദ്ധ്യാപിക എന്ന ക്രമത്തിലാണ് നിയമിക്കേണ്ടത്. സംരക്ഷിത അദ്ധ്യാപകനെ നിയമിക്കാത്ത സാഹചര്യത്തിൽ മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, ശ്രീമതി.സജിത .പി.യ്ക്ക് 06.02.2021-ലെ സ.ഉ(പി) നമ്പർ 4/2021/പൊ.വി.വ ലെ ബന്ധപ്പെട്ട വ്യവസ്ഥകൾ പ്രകാരം അംഗീകാരം നൽകുന്ന വിഷയത്തിൽ തീരുമാനമെടുക്കുവാൻ മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നല്കി എക്സിബിറ്റ് പി.8 തീർപ്പാക്കി പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് കെ.ടി.എം.ഹൈസ്കൂളിലെ ശ്രീമതി.സജിത പി ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No.17466/2020 മേലുള്ള 24/03/2020 – ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

A P M Mohammed Hanish

പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, കെ.ടി.എം.ഹൈ സ്കൂൾ, മണ്ണാർക്കാട്, പാലക്കാട്
ശ്രീമതി.സജിത പി., എച്ച്.എസ്.ടി(ഇംഗ്ലീഷ്), കെ.ടി.എം.ഹൈ സ്കൂൾ, മണ്ണാർക്കാട്, പാലക്കാട്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by Shahna Kumari S L
Date: 07-01-2022 12:52:13
Reason: Approved

സെക്ഷൻ ഓഫീസർ